"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണവകുപ്പ് - കൊല്ലം ജില്ലയിലെ ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2011-12 & 2012-13 വർഷത്തെ കേരള സംസ്ഥാന ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.7(1,2,3) - തടസ്സപ്പെടുത്തിയ 1,95,350/- രൂപയുടെ ചെലവ് - സാധൂകരണം നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (എ.ബി)വകുപ്പ്**

സ.ഉ.(സാധാ) നം.2180/2025/LSGD തീയതി,തിരുവനന്തപുരം, 08-09-2025

പരാമർശം:-
1. പഞ്ചായത്ത് ഡയറക്ടറുടെ 21/07/2020-ലെ PAN/9046/2020-M3(DP) നമ്പർ കത്ത്.
2. കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ25/03/2021-ലെ DKSA/1390/2020/PTI നമ്പർ കത്ത്.

**ഉത്തരവ്**

**2012-13 & 2013-14** വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക **3.13** പ്രകാരം മൂന്ന് പ്രോജക്റ്റുകളിലായി **1,95,350/-** രൂപ അംഗീകൃത പ്രോജക്റ്റുകളിൽ (അംഗൻവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി) വ്യതിചലിച്ച് നടപ്പിലാക്കായിയതിനാൽ ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്നു.

2)പ്രോജക്ട് 1-ൽ അംഗീകൃത പ്രോജക്റ്റിൽ സർക്കാർ/ ഓട്ടോണമസ് സ്ഥാപനങ്ങളിൽ നിന്നും ടെണ്ടർ/ ക്വട്ടേഷൻ വഴി **5,000/-** രൂപ വിലയുള്ള **20** കണ്ടെയ്നറുകൾ വാങ്ങാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ **5,470/-** രൂപാ വീതം വിലയുള്ള **15** കണ്ടെയ്നറുകളും **110/-** രൂപാ വീതം വിലയുള്ള **50** പ്ലേയ്റ്റുകളും ക്വട്ടേഷൻ കുടാതെ സിഡ്കോയിൽ നിന്നും വാങ്ങിയിരുന്നു. വാങ്ങൽ നടപടികൾ ഗ്രാമപഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചതായി കാണുന്നില്ല. ആയതിനാൽ അംഗീകൃത പ്രോജക്റ്റിൽ ഉൾപ്പെടാതെ വാങ്ങിയിട്ടുള്ള **50** പ്ലേയ്റ്റുകളുടെ തുക **5,500/-** രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്നു.അംഗൻവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി വിഭാവനം ചെയ്ത പ്രോജക്റ്റിൽ സ്റ്റീൽ പ്ലേറ്റുകളും അനിവാര്യമായിരുന്നു. പദ്ധതി തുകയിൽ അധികരിക്കാതെ കണ്ടൈനർ വാങ്ങിയ ശേഷമുള്ള അധിക തുകയ്ക്കാണ് പ്ലേറ്റുകൾ വാങ്ങിയത്.എന്നതിനാൽ **5,500/- (110x50)** രൂപയുടെ ചെലവിന് സർക്കാർ സാധൂകരണം അനുവദിക്കണമെന്ന് പഞ്ചായത്ത് ഭരണസമിതി തീരുമാനമെടുത്ത്

അഭ്യർത്ഥിച്ചിട്ടുണ്ട്. ടി അപേക്ഷ ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിസാധൂകരണത്തിനായി അനുകൂല ശിപാർശ നൽകിയിട്ടുണ്ട്.

3) പ്രോജക്റ്റ് 2-ൽ ഫർണീച്ചർ, അലുമിനിയം പാത്രങ്ങൾ എന്നിവയുടെ ക്ഷാമം നേരിടുന്ന 20 അംഗനവാടികൾക്ക് ഫർണീച്ചർ, പാത്രങ്ങൾ, അലമാര എന്നിവ വാങ്ങുന്നതിന് പ്രോജക്റ്റ് രൂപീകരിച്ചു. 10,000/- രൂപയ്ക്ക് പഠനോപകരണങ്ങളും 90,000/- രൂപയ്ക്ക് ഫർണീച്ചർ, പാത്രങ്ങൾ, അലമാര എന്നിവ ക്വട്ടേഷൻ ടെണ്ടർ വഴി വാങ്ങാനാണ് തുക വകയിരുത്തിയിരുന്നത്. എന്നാൽ ക്വട്ടേഷൻ കൂടാതെ സിഡ്കോയിൽ നിന്നും 8 അലമാരകളും, 38 കസേരകളും സ്റ്റീൽ പ്ലേറ്റുകളുമാണ് വാങ്ങിയത്. സിഡ്കോയിൽ നിന്ന് 8 അലമാരകളും 38 കസേരകളും 135 പ്ലേറ്റുകളും വാങ്ങി. സ്റ്റീൽ പ്ലേറ്റുകൾ വാങ്ങൽ വിവരം പ്രോജക്റ്റിൽ പരാമർശിച്ചിരുന്നില്ല.അംഗീകൃത പ്രോജക്റ്റിൽ നിന്നും വ്യതിചലിച്ച് വാങ്ങിയ പ്ളേറ്റുകളുടെ വിലയായ 14850/ രൂപ (110 x 35) ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്നു. എന്നാൽ അംഗൻവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി വിഭാവനം ചെയ്ത പ്രോജക്റ്റിൽ സ്റ്റീൽ പ്ലേറ്റുകളും അനിവാര്യമായിരുന്നു എന്നതിനാൽ 14,850/- (110x135) രൂപയുടെ ചെലവിന് സർക്കാർ സാധൂകരണത്തിനായി അപേക്ഷിക്കാൻ പഞ്ചായത്ത് ഭരണസമിതി തീരുമാനമെടുത്ത് അഭ്യർത്ഥിച്ചിട്ടുണ്ട്. ടി അപേക്ഷ ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതി സാധൂകരണത്തിനായി അനുകൂല ശിപാർശ നൽകിയിട്ടുണ്ട്.

4) പ്രോജക്റ്റ്3-ൽ 35 അംഗനവാടികൾക്ക് ടെണ്ടർ നടപടികളിലൂടെ ഗ്യാസ് കണക്ഷനും അനുബന്ധ ഉപകരണം ങ്ങളും നൽകാൻ യുണിറ്റ് ഒന്നിന് 5000/- രൂപാ വീതം അംഗീകൃത പ്രോജക്ടിൽ വകയിരുത്തി.എന്നാൽ ടെണ്ടർ നടപടികൾ കൂടാതെ കുണ്ടറയിലെ മിനി ഗ്യാസ് ഏജൻസിയിൽ നിന്നും 3/8C ലെ 302-ാം നമ്പർ ഇൻവോയ്സ് പ്രകാരം 34 യൂണിറ്റുകൾ വാങ്ങി. ടെണ്ടർ നടപടികൾ കുടാതെ 6 കണക്ഷനു വേണ്ടി ചെലവഴിച്ച 1,75,000/- രൂപ തടസ്സപ്പെടുത്തിയിരുന്നു. സർക്കാർ അംഗീകൃത ഏജൻസിയിൽ നിന്നും അംഗീകൃത നിരക്ക് പ്രകാരം 34 യൂണിറ്റുകൾ വാങ്ങി ഗ്യാസ് കണക്ഷൻ എടുത്തു.എന്നാൽ പ്രോജക്റ്റിൽ വാങ്ങൽ രീതി ടെണ്ടർ/ കൊട്ടേഷൻ എന്ന് തെറ്റായി രേഖപ്പെടുത്തി. ടെണ്ടർ നടപടി കൂടാതെ ഗ്യാസ് കണക്ഷന് ചെലവഴിച്ചതിനാലാണ് 1,75,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തിയത്. ഗ്യാസ് കണക്ഷൻ സർക്കാർ അംഗീകൃത ഏജൻസിയിൽ നിന്ന് തന്നെയാണ് എടുത്തത്. പ്രൊജക്റ്റിൽ തെറ്റായി രേഖപെടുത്തിയതുമൂലമാണ് ഓഡിറ്റ് പരാമർശം ഉണ്ടായത് . അംഗൻവാടികൾക്ക് ഗ്യാസ് കണക്ഷൻ അനിവാര്യമായിരുന്നു എന്നതിനാൽ 1,75,000 /- രൂപയുടെ ചെലവിന് സർക്കാർ സാധുകരണത്തിനായി അപേക്ഷിക്കാൻ പഞ്ചായത്ത് ഭരണസമിതി പഞ്ചായത്ത് ഭരണസമിതി തീരുമാനമെടുത്ത് അഭ്യർത്ഥിച്ചിട്ടുണ്ട്. ടി അപേക്ഷ

ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതി സാധൂകരണത്തിനായി അനുകൂല ശിപാർശ നൽകിയിട്ടുണ്ട്.

5) ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിൻറെ അപേക്ഷ, ഭരണ സമിതി തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ ശുപാർശ എന്നിവ അനുകൂല ശിപാർശ സഹിതം പരാമർശം (1) പ്രകാരം സർക്കാർ സാധുകരണത്തിനായി പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്.

6)പഞ്ചായത്ത് കമ്മിറ്റി തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതി എന്നിവയുടെ ശിപാർശയും പരിഗണിച്ച് സർക്കാർ സാധുകരണം നൽകുന്നതിന് എതിരഭിപ്രായമില്ലെന്നും സർക്കാരിന് ഉചിതമായി തീരുമാനം കൈകൊള്ളാവുന്നതാണെന്നും പരാമർശം (2) പ്രകാരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

7)സദുദ്ദേശത്തോടെ നടത്തിയ പദ്ധതിയായതിനാലും പദ്ധതിയുടെ ഭൗതിക നേട്ടം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ജനങ്ങൾക്ക് ഉപകാരപ്രദമായതിനാലും പഞ്ചായത്ത് ഭരണ സമിതിയുടെ ശിപാർശ,ജില്ലാതല ഓഡിറ്റ് മോണിട്ടറിംഗ് സമിതിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെയും, പഞ്ചായത്ത് ഡയറക്ടറുടെയും അനുകൂല ശിപാർശകൾ എന്നിവ പരിഗണിച്ചും ഭാവിയിൽ പദ്ധതി മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിക്കരുതെന്ന നിർദ്ദേശത്തോടെയും കൊല്ലം ജില്ലയിലെ ഇളമ്പള്ളുർ ഗ്രാമപഞ്ചായത്തിൻ്റെ ഓഡിറ്റ് റിപ്പോർട്ട് 2012-13 & 2013-14-ഖണ്ഡിക 3.13 പ്രകാരം തടസ്സപ്പെടുത്തിയ 1,95,350/- (ഒരു ലക്ഷത്തിത്തൊണ്ണൂറ്റി അയ്യായിരത്തി മുന്നൂറ്റിഅമ്പത് രൂപ മാത്രം) രൂപയുടെ ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GANGA G R
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി,ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത്, കൊല്ലം
അക്കൗണ്ടന്റ് ജനറൽ ( എ & ഇ/ഓഡിറ്റ് ) കേരള , തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം ( തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )
വെബ് & ന്യൂ മീഡിയ, വിവരപൊതുജന സമ്പർക്ക വകുപ്പ് ( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )
സ്റ്റോക്ക് ഫയൽ / ഓഫീസ് പകർപ്പ് ( LSGD-AB1/52/2020-LSGD )

ഉത്തരവിൻ പ്രകാരം

Signed by
Jyothish M S
Date: 08-09-2025 12:11:41

സെക്ഷൻ ഓഫീസർ